**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5765** **08-11-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായത്തിനാവശ്യമായ ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ വ്യവസായത്തിനാവശ്യമായ സ്ഥലം വ്യവസായികൾക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൻ കീഴിൽ വയനാട് ഒഴികെ 13 ജില്ലകളിലായി 2500 ഏക്കറോളം വ്യവസായ ഭൂമി നിലവിൽ സംരംഭകർക്കായി ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 10 വ്യവസായ വികസന ഏരിയ, 27 വ്യവസായ വികസന പ്ലോട്ട്, 2 കയർ പാർക്കുകൾ, 1 ഫങ്ഷണൽ എസ്റ്റേറ്റ് എന്നിവ അടിസ്ഥാന സൗകര്യങ്ങളോടു കൂടി സംരംഭകർക്ക് അനുവദിച്ചു നൽകുന്നുണ്ട്. വ്യവസായ ഭൂമിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ അതാത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ ഉൾപ്പെടുന്ന ജില്ലാതല ലാന്റ് അലോട്ട് മെന്റ് കമ്മിറ്റി പരിശോധിച്ച് അനുയോജ്യമായവ തെരെഞ്ഞടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്നു. ടി പട്ടികയിലെ മുൻഗണനാ ക്രമത്തിലാണ് വ്യക്തികൾക്ക് ഭൂമി അനുവദിക്കുന്നത്. വ്യവസായ ഭൂമിയുടെ ദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ അധീനതയിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങളും (വ്യവസായ ഗാലകൾ) സംരംഭകർക്കായി സജ്ജീകരിക്കുന്നുണ്ട്. നിലവിൽ എറണാകുളം ജില്ലയിലെ എടയാർ വ്യവസായ എസ്റ്റേറ്റിൽ ഗാല പൂർത്തീകരിച്ചു സംരംഭകർക്ക് അനുവദിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽപ്പാടത്തും, ആലപ്പുഴ ജില്ലയിലെ പുന്നപ്രയിലും ഗാലകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മേൽപ്പറഞ്ഞവ കൂടാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതും വ്യവസായത്തിന് അനുയോജ്യമാ യതുമായ ഭൂമികളിൽ(പഞ്ചായത്തുകളിൽ 25 ഏക്കറും മുനിസിപ്പാലിറ്റിയിൽ 15 ഏക്കറും വിസ്തൃതിയുള്ള ഭൂമിയിൽ) സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. സംരംഭകർക്കായി |

| | | | |
|---|---|---|---|
| | | | ഭൂമി ലഭ്യമാക്കുന്നതിന് കണ്ണൂർ, കോഴിക്കോട്, ചേർത്തല, തുടങ്ങിയ സ്ഥലങ്ങളിൽ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വ്യവസായ വളർച്ചാ കേന്ദ്രങ്ങളും, പാലക്കാട് ലൈറ്റ് എഞ്ചിനിയറിങ് ഇൻഡസ്ട്രിയൽ പാർക്കും, തിരുവനന്തപുരത്ത് ലൈഫ് സയൻസ് പാർക്കും ചേർത്തലയിലെ വ്യവസായ വളർച്ചാ കേന്ദ്രത്തിൽ മെഗാ ഫുഡ് പാർക്കും ആരംഭിച്ചിട്ടുണ്ട്. കൂടാതെ സിഡ്കോയുടെ ഉടമസ്ഥതയിൽ വിവിധ ജില്ലകളിൽ നിലവിലുള്ള മിനിവ്യവസായ എസ്റ്റേറ്റുകളിലും വ്യവസായ പ്ലോട്ടുകളിലും സംരംഭകർക്ക് വ്യവസായ ഭൂമിയും ഷെഡ്ഡും അനുവദിച്ചു വരുന്നുണ്ട്. കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള എറണാകുളം പെട്രോ കെമിക്കൽ പാർക്ക്, പാലക്കാട് ഡിഫൻസ് പാർക്ക്, കണ്ണൂർ നാടുകാണി കിൻഫ്ര ടെക്സ്റ്റൈൽ സെന്റർ, തുടങ്ങിയ വ്യവസായ പാർക്കുകളിലും പിറവന്തൂർ(കൊല്ലം), തലശ്ശേരി, നാടുകാണി(കണ്ണൂർ), കാക്കഞ്ചേരി (മലപ്പുറം) എന്നീ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലും സംരംഭകർക്ക് സ്ഥലം ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ